# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4328 — 28.06.2012-ൽ മറുപടി നൽകേണ്ടത്

## ഭൂമിയുടെ വില പുനർനിർണ്ണയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ കെ. എൻ.എ. ഖാദർ | ശ്രീ അടൂർ പ്രകാശ്<br>ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി |
| (എ) ഭൂമിയുടെ വില പുനർ നിർണ്ണയം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) വില നിർണ്ണയത്തെത്തുടർന്ന് പല പ്രദേശങ്ങളിലും ക്രയ വിക്രയം തടസ്സപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ബി) ഇല്ല |
| (സി) രജിസ്ട്രേഷൻ ഫീസ് കുറയ്ക്കുവാനും, ഭൂമിയുടെ വില ന്യായമായ തരത്തിൽ പുതുക്കി നിശ്ചയിക്കുവാനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (സി) ബന്ധുകൾ തമ്മിലുള്ള വസ്തുകൈമാറ്റത്തിന്റെ രജിസ്ട്രേഷൻഫീസ്, വിലയുടെ ഒരു ശതമാനമായി കുറച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില നിർണ്ണയിച്ചതിലുള്ള അപാകതകൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 30.12.11-ലെ ജി.ഒ.(ആർ.റ്റി) നം.936/2011/നി.വ. ഉത്തരവുമുഖേന ഒരു മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തുകയും 11.05.12-ലെ ജി.ഒ.(ആർ.റ്റി) നം.350/2012/നി.വ. പ്രകാരം ഭക്ഷ്യ-പൊതുവിതരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി കൺവീനറായി ടി ഉപസമിതിയെ പുനഃസംഘടിപ്പിക്കുകയും ചെയ്തു. ഫെയർ വാല്യൂ നിർണ്ണയത്തിലെ അപാകത സംബന്ധിച്ച് താലൂക്കുകളിൽ ചെന്ന് ജില്ലാകളക്ടർമാർ പൊതുജന അഭിപ്രായം കേൾക്കുകയും നിലവിലുള്ള ഫെയർവാല്യൂ നിർണ്ണയത്തിലെ അപാകതകൾ ചൂണ്ടിക്കാണിച്ചു കൊണ്ട് മൂന്ന് മാസത്തിനുള്ളിൽ ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിക്കുവാനും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകുകയുണ്ടായി. അപ്പീലുകൾ (വ്യക്തിഗത) നിലവിലുള്ളപക്ഷം അവ പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിച്ച ശേഷം പരിഗണിക്കുന്നതാണ്. |
| (ഡി) ഇല്ലെങ്കിൽ അപ്രകാരം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (ഡി) ബാധകമല്ല |

സെക്ഷൻ ഓഫീസർ